"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ഗവൺമെന്റ് സെക്രട്ടറിയേറ്റ് അനക്സ് രണ്ട് മന്ദിരത്തിൽ സന്ദർശകസഹായകേന്ദ്രം രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്

സ.ഉ.(കൈ) നം.85/2025/GAD തീയതി,തിരുവനന്തപുരം, 17-06-2025

---

പരാമർശം:- കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ പ്രസിഡന്റ് 30.07.2024-ന് ബഹു മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം മുഖേന സമർപ്പിച്ച നിവേദനം.

**<u>ഉത്തരവ്</u>**

2016-ൽ പ്രവർത്തനമാരംഭിച്ച ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ അനക്സ്-രണ്ട് കെട്ടിടത്തിൽ, നിലവിൽ ആറ് മന്ത്രി ഓഫീസുകളും, വകുപ്പ് സെക്രട്ടറിമാരുടെ നിരവധി ഓഫീസുകളും, ആയിരത്തോളം ജീവനക്കാർ ജോലിചെയ്യുന്ന ആരോഗ്യ/പൊതു വിദ്യാഭ്യാസ/ ഉന്നത വിദ്യാഭ്യാസ/റവന്യൂ/കൃഷി/വനം തുടങ്ങിയ വിവിധ വകുപ്പുകളും പ്രവർത്തിച്ചു വരുന്നു. പ്രസ്തുത മന്ദിരത്തിൽ സന്ദർശക സഹായ കേന്ദ്രം നിലവിലില്ലാത്ത സാഹചര്യത്തിൽ, ഫയൽ അന്വേഷണങ്ങൾക്കും മറ്റ് വിവിധ ആവശ്യങ്ങൾക്കും എത്തിച്ചേരുന്ന പൊതുജനങ്ങൾ ഉൾപ്പെടെയുള്ള സന്ദർശകർക്ക്, നിലവിലെ സംവിധാനമനുസരിച്ച്, തൊട്ടടുത്ത അനക്സ്-ഒന്ന് മന്ദിരത്തിൽ സ്ഥിതി ചെയ്യുന്ന സന്ദർശക സഹായ കേന്ദ്രത്തിൽനിന്നും പാസ്സ് എടുക്കേണ്ടതും തുടർന്ന് അനക്സ്-2 മന്ദിരത്തിലെ അതാത് ഓഫീസുകളിൽ പോകേണ്ടതുമുണ്ട്. ഇത് പൊതുജനങ്ങൾക്ക് വളരെയധികം പ്രയാസങ്ങൾ സൃഷ്ടിക്കുന്നുവെന്നും കൂടാതെ അനക്സ് ഒന്ന് മന്ദിരത്തിലെ സന്ദർശക സഹായ കേന്ദ്രത്തിലെ ജീവനക്കാരുടെ ജോലിഭാരം വർധിപ്പിക്കുന്നുണ്ടെന്നും ആയതിനാൽ ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ അനക്സ്-രണ്ട് കെട്ടിടത്തിൽ പുതിയ സന്ദർശക സഹായ കേന്ദ്രം ആരംഭിക്കണമെന്നും ആവശ്യപ്പെട്ട് കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ ബഹു.മുഖ്യമന്ത്രിയ്ക്ക് പരാമർശം പ്രകാരം നിവേദനം നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ, ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി , ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ അനക്സ്-2 മന്ദിരത്തിൽ സന്ദർശക സഹായ കേന്ദ്രം അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

3. ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ അനക്സ്-2 സന്ദർശക സഹായകേന്ദ്രത്തിന്റെ മേൽനോട്ട ചുമതല നിർവഹിക്കുന്നതിനായി പൊതുഭരണ വകുപ്പിലെ സീനിയർ മോസ്റ്റ് സെലക്ഷൻ ഗ്രേഡ് കംപ്യൂട്ടർ അസിസ്റ്റന്റിനെ ജോലി ക്രമീകരണ വ്യവസ്ഥയിൽ തസ്തികയടക്കം പുനർവിന്യസിക്കേണ്ടതാണ്. ഒപ്പം പുതിയ സന്ദർശക സഹായ കേന്ദ്രത്തിന്റെ സുഗമമമായ

പ്രവർത്തനത്തിനായി ഉദ്യോഗസ്ഥഭരണ പരിഷ്കാര (എ.വി.സി.(II)) വകുപ്പിലെ ഒരു കംപ്യൂട്ടർ അസിസ്റ്റന്റിന്റെ തസ്തികയും പൊതുഭരണ (സർവ്വീസസ്-സി) വകുപ്പിൽ നിലവിലുള്ള രണ്ട് കംപ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിൽ നിന്നും ഒരെണ്ണവും കൂടാതെ ജോലി ക്രമീകരണ വ്യവസ്ഥയിൽ രണ്ട് ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരെയും അടിയന്തിരമായി ഗവൺമെന്റ് സെക്രട്ടറിയേറ്റ് അനക്സ്-2 സന്ദർശക സഹായ കേന്ദ്രത്തിലേക്ക് പുനർവിന്യസിക്കേണ്ടതാണ്.

4. മേൽ ജീവനക്കാരെ പുനർവിന്യാസത്തിലൂടെ കണ്ടെത്തി നിയമിക്കുന്നതിനുള്ള അടിയന്തിര തുടർ നടപടികൾ പൊതുഭരണ (സർവ്വീസസ്- ഇ /എച്ച് ) വകുപ്പുകൾ സ്വീകരിക്കേണ്ടതാണ്.

5. പുതിയ സന്ദർശക സഹായകേന്ദ്രത്തിന്റെ സ്ഥാനനിർണ്ണയം, ഭൗതികസൗകര്യങ്ങൾ, കംപ്യൂട്ടർ അടക്കമുള്ള അനുബന്ധ ഉപകരണങ്ങൾ മുതലായവ അടിയന്തിരമായി സജ്ജീകരിക്കുന്നതിന് പൊതുഭരണ (ഹൗസ് കീപ്പിംഗ്/ഐ.റ്റി.സെൽ) വകുപ്പുകളെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

പ്രസിഡന്റ്, കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ചീഫ് സെക്യൂരിറ്റി ഓഫീസർ, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
പൊതുഭരണ (ഹൗസ് കീപ്പിംഗ് , സർവ്വീസസ്- ഇ/എച്ച്) വകുപ്പ്.
ഇലക്ട്രോണിക്സ് & വിവരസാങ്കേതിക (ഐ.റ്റി.സെൽ) വകുപ്പ്.
ധനകാര്യ വകുപ്പ്
സെക്രട്ടറിയേറ്റ് പി.ഡബ്ല്യു.ഡി. സിവിൽ/ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് വിഭാഗങ്ങൾക്ക്
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന )
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വ്യാപക പ്രചാരണത്തിന്)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂമീഡിയ)
കരുതൽ ഫയൽ/ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Jiji D V
Date: 17-06-2025 17:34:03
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്.
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്